(ഇ) 10/96-ൽ ചെയർമാൻ, മെമ്പർ (അക്കൗണ്ട്സ്) എന്നിവർ നടത്തിയ കാനഡ സന്ദർശനത്തിന് യാത്രാചെലവും മറ്റു ചെലവുകളും കനേഡിയൻ അതോറിറ്റിയാണ് വഹിച്ചത്. ശ്രീ. ബി. ജയശങ്കർ, ശ്രീ. എം. രവീന്ദ്രൻ നായർ എന്നിവർ 8/99-ൽ കാനഡ സന്ദർശിച്ചതിന്റെ ചെലവുകൾ സിഡാ (CIDA) വഹിച്ചു. 7/99-ൽ ചെയർമാന്റെ കാനഡ സന്ദർശനത്തിന്റെ ചെലവും സിഡാ (CIDA) ആണ് വഹിച്ചത്.

(എഫ്) ബോർഡിന്റെ ഉത്തമ താല്പര്യം കണക്കിലെടുത്ത് അനിവാര്യമായ വിദേശയാത്രകൾ മാത്രമേ നടത്താറുള്ളൂ.

കെ.എസ്.ഇ.ബി.യിലെ ലൈൻമാൻമാരുടെ തസ്തികയിലേക്കുള്ള നിയമനം

120(1023) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. യിൽ ആകെ എത്ര തസ്തികകളുണ്ടെന്നും അതിൽ എത്ര എണ്ണം ഒഴിഞ്ഞുകിടപ്പുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ആവശ്യത്തിന് ലൈൻമാൻമാരില്ലാത്തതിനാൽ റിപ്പയർ ജോലി ചെയ്യാൻ കാലതാമസമെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ആകെ തസ്തികകൾ - 31527

ഒഴിവുള്ള തസ്തികകൾ - 4478

(ബി) നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യേണ്ടവ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും, പ്രൈമോഷൻ വഴി നികത്തേണ്ടവ അങ്ങനെ ചെയ്യുന്നതിനും ഉള്ള നടപടികൾ തുടർന്ന് വരുന്നു.

(സി) ഉണ്ട്.

സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് പദ്ധതി

121(1024) ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ്:
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ബി) പ്രൊഡക്ഷൻ ഇൻസന്റീവ് കൂടി ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പശ്ചാത്തല വികസന പദ്ധതികൾക്ക് സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്ന് വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; ഓരോ ജില്ലയിലും ഈയിനത്തിൽ എന്ത് തുക വായ്പയായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് (സ്വാശ്രയ സഹായ പദ്ധതി) പരീക്ഷണാർത്ഥം 1997-ൽ കണ്ണൂർ ജില്ലയിലാണ് ആരംഭിച്ചത്. കണ്ണൂർ ജില്ലയിലെ സ്വാഗതാർഹമായ പുരോഗതിയുടെ അടിസ്ഥാനത്തിൽ 1998-ൽ എറണാകുളം പാലക്കാട് ജില്ലകളിലും, 1999-ൽ തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലും ആരംഭിച്ചു. 2000-ൽ സംസ്ഥാനത്തെ മറ്റെല്ലാ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കും.

(ബി) വായ്പ യഥാസമയം തിരിച്ചടയ്ക്കുന്ന ഗ്രൂപ്പുകൾക്ക് നിലവിലുള്ള പ്രൊഡക്ഷൻ ഇൻസന്റീവ് ആനുകൂല്യം നൽകുന്നുണ്ട്.

(സി) സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

നീതി സ്റ്റോറുകളുടെ പ്രവർത്തനം

122(1025) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നീതി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) നീതി സ്റ്റോറുകൾക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നത് ഏത് രീതിയിലാണ് ;

(സി) പർച്ചേസിംഗ് നടത്താറുള്ളത് കേന്ദ്രീകൃത രീതിയിൽ സംസ്ഥാനതലത്തിലാണോ ജില്ലാ തലത്തിലാണോയെന്ന് വിശദമാക്കാമോ ;

(ഡി) സാധനങ്ങൾ സംഭരിക്കുന്നതിന് ഗോഡൗൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് തലത്തിൽ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly